(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് കേസ് എടുത്തത് എന്ന് വെളിപ്പെടുത്താമോ;

(സി) വിമാനത്താവളത്തിലെ സുരക്ഷാക്രമീകരണം മറികടന്ന് മുസ്ലീംലീഗ് പതാക ഉയർത്തിയത് സംബന്ധിച്ച് എത്ര പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും വിശദീകരണം സംസ്ഥാന സർക്കാർ നൽകുകയുണ്ടായോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. കൊണ്ടോട്ടി പി.എസ്. ക്രൈം നമ്പർ 665/04, യു.എസ്. 143, 147, 148, 448 ആർ./ഡബ്ള്യൂ. 149 ഐ.പി.സി. ആന്റ് എയർക്രാഫ്റ്റ് റൂൾ 78 (എ) ആർ./ഡബ്ള്യൂ. സെക്ഷൻ 5 ആന്റ് 10 ഓഫ് എയർക്രാഫ്റ്റ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് കരിപ്പൂർ എയർ പോർട്ട് ഡൊമസ്റ്റിക് ടെർമിനലിന് മുമ്പിൽ തടിച്ചുകൂടിയ ഒരു സംഘം ഐ.യു.എം.എൽ. പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ഇവരിൽ തിരിച്ചറിഞ്ഞ നാല് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് വിശദീകരണം നൽകിയിട്ടില്ല.

പത്രപ്രവർത്തകരെ ആക്രമിച്ച സംഭവം

63 [68] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് 27-11-2004-ന് പത്രപ്രവർത്തകരെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് ആരെയെല്ലാം അറസ്റ്റ് ചെയ്യുകയുണ്ടായി; അറസ്റ്റ് ചെയ്യുവാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ബി) അറസ്റ്റ് ചെയ്യപ്പെട്ടവരുടെ പേരിൽ ഏതെല്ലാം വകുപ്പുകൾ ഉപയോഗിച്ചായിരുന്നു കേസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർ ഏതു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരും നേതാക്കളുമാണെന്ന് വ്യക്തമാക്കുമോ; ജനപ്രതിനിധികൾ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 27-11-2004-ന് ആർ.എസ്.പി.(ബി) നേതാവ് ശ്രീ. ബാബു ദിവാകരൻ ഗ്രൂപ്പിൽപ്പെട്ട ചാക്ക കെ.എസ്.ഇ.ബി. ജംഗ്ഷനിൽ റ്റി.സി. 31/1564-ൽ ചാക്കവിളാകത്ത് സുകുമാരൻ മകൻ രവീന്ദ്രനെ ആർ.എസ്.പി. (ബി) ശ്രീ. താമരാക്ഷൻ ഗ്രൂപ്പിൽപ്പെട്ട പ്രവർത്തകർ ചേർന്ന് പ്രിയദർശിനി ഹാളിന് സമീപം വച്ച് മർദ്ദിച്ച സമയം ടി സംഭവം ക്യാമറയിൽ പകർത്താൻ ശ്രമിച്ച കൈരളി ഫോട്ടോഗ്രാഫർ കുമാർ, എ.സി.വി. ഫോട്ടോഗ്രാഫർ അഭിലാഷ്, ജീവൻ ടി.വി. ഫോട്ടോഗ്രാഫർ സജി എന്നിവരെയും മറ്റും രവീന്ദ്രനെ മർദ്ദിച്ചവരും മറ്റും ചേർന്ന് മർദ്ദിക്കുകയുണ്ടായി. തുടർന്ന് ടി രവീന്ദ്രന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 696/04 യു./എസ്. 143, 147, 148, 149, 341, 323, 324 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി കൈക്കൊണ്ടിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് സർവ്വശ്രീ. എ. വി. താമരാക്ഷൻ, പ്രേംസുധ, രാജശേഖരൻ നായർ, തോപ്പിൽ സായി, ചന്ദ്ര ബാബു, ഷിബു ബേബി ജോൺ, ഇസഹാക്ക്, സനൽകുമാർ, മെൽബിൽ ജോൺ ഗോമസ് ചെല്ലപ്പൻ, ഷിബു, മധുസൂദനൻ നായർ, രാധാകൃഷ്ണൻ, രവി എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) സെക്ഷൻ 143, 147, 148, 149, 341, 323, 324 ഐ.പി.സി.

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർ ശ്രീ. എ. വി. താമരാക്ഷൻ നേതൃത്വം നൽകുന്ന ആർ.എസ്.പി. (ബി) പ്രവർത്തകരാണ്. ഇതിൽ ജനപ്രതിനിധി ശ്രീ. ഷിബു ബേബിജോൺ എം.എൽ.എ. ഉൾപ്പെടുന്നു.

(ഡി) കേസ് അന്വേഷണാവസ്ഥയിലാണ്.

പിൻവലിച്ച കേസ്സുകൾ

64 [69] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ജനുവരി 15 വരെ യു.ഡിഎഫ്. പ്രവർത്തകർ പ്രതിയായിട്ടുള്ള എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇതേ കാലയളവിൽ എൽ.ഡി.എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) പ്രോസിക്യൂഷൻ കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട സൂപ്രണ്ട് ഓഫ് പോലീസ്/ കമ്മീഷണർ ഓഫ് പോലീസ് നൽകുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിലും നിയമവകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും പിൻവലിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly